>> ലേഖനം

● പി.കെ. നിയാസ്

# ലബനാനിൽ അമേരിക്കക്ക് തിരിച്ചടി

**ലബനാനിലെ ഇടപെടലുകൾ അമേരിക്കക്ക് തിരിച്ചടിയേ നൽകിയിട്ടുള്ളൂ. ഈ മണ്ണിൽ അമേരിക്കയുടെ കളി വേണ്ടെന്ന് പുതിയ പ്രസിഡന്റിന്റെ സ്ഥാനാരോഹണ ചടങ്ങിൽ അമൽ നേതാവായ സ്പീക്കർ നബി ബെരി തുറന്നടിച്ചിട്ടുണ്ട്. സിറിയയുമായി നയതന്ത്രബന്ധങ്ങൾ ശക്തിപ്പെടുത്തുമെന്ന് പ്രസിഡന്റ് സുലൈമാനും പ്രഖ്യാപിക്കുകയുണ്ടായി. ദോഹാ കരാർ മൊത്തത്തിൽ ഹിസ്ബുല്ലയുടെ വിജയമായി മാറിയതോടെ തിരിച്ചടിയേറ്റത് ബുഷിനും കൂട്ടർക്കുമാണ്.**

**മിഡിലീസ്റ്റിലെ** കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയ ഭൂമികയിലെ പുതിയൊരു അടയാളമല്ല ലബനാൻ. ഫ്രഞ്ച് കോളനിവത്കരണത്തിന്റെ കാലഘട്ടവും സ്വാതന്ത്ര്യാനന്തരം രൂപപ്പെട്ട മത-വംശീയ പ്രതിസന്ധികളും വല്ലാതെ അനുഭവിച്ചിട്ടുണ്ട് കിഴക്കിന്റെ സ്വിറ്റ്സർലാന്റ് എന്ന വിശേഷണം പേറുന്ന ഈ നാട്. പാർലമെന്ററി ജനാധിപത്യത്തിൽ വ്യത്യസ്തമായൊരു ഫോർമുല വിജയകരമായി പരീക്ഷിച്ചു തുടങ്ങിയതോടെ ആഭ്യന്തര കലാപം സൃഷ്ടിച്ച പ്രതിസന്ധിയിൽനിന്ന് ലബനാൻ കരകയറുമെന്ന് കരുതപ്പെട്ടു. എന്നാൽ ആ വിശ്വാസത്തിന് മങ്ങലേൽക്കുന്ന സംഭവങ്ങൾക്കാണ് ബെയ്റൂത്ത് പലതവണ സാക്ഷ്യം വഹിച്ചത്.

വീണ്ടുമൊരു ആഭ്യന്തര പോരിലേക്ക് ലബനാൻ തെന്നിവീഴുമെന്ന ആശങ്കക്ക് തൽക്കാലം വിരാമമിട്ടിരിക്കുകയാണ് ഖത്തറിൽ ഒപ്പുവെച്ച സമാധാന ക്കരാർ. അറബ് ലീഗിന്റെ മേൽനോട്ടത്തിൽ അഞ്ചു ദിവസത്തെ മാരത്തോൺ ചർച്ചകൾക്കൊടുവിലാണ് സൗദി അറേബ്യയും അമേരിക്കയും പിന്തുണക്കുന്ന മാർച്ച് 14 സഖ്യം എന്ന പേരിലറിയപ്പെടുന്ന ഭരണപക്ഷവും, സിറിയയും ഇറാനും പിന്തുണക്കുന്ന ഹിസ്ബുല്ലയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷവും ധാരണയിലെത്തിയത്. അനുരഞ്ജന ചർച്ച വിജയിച്ച പശ്ചാത്തലത്തിൽ ഏഴു മാസമായി ഒഴിഞ്ഞുകിടന്ന പ്രസിഡന്റ് പദവിയിൽ സൈനിക മേധാവി മിഷേൽ സുലൈമാൻ ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. 2007 ഒക്ടോബറിൽ എമിൽ ലാഹൂദ് സ്ഥാനമൊഴിഞ്ഞ ശേഷം 18 തവണയാണ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് നീട്ടിവെച്ചത്. ഇതോടെ ഭരണഘടനാപരമായ വൻ പ്രതിസന്ധിയിലായിരുന്നു ലബനാൻ.

### ദോഹാ കരാർ: ഹിസ്ബുല്ലയുടെ നേട്ടം

പ്രസിഡന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരാഴ്ചക്കകം 30 അംഗങ്ങളുള്ള പുതിയ ദേശീയ ഐക്യ സർക്കാർ സ്ഥാനമേൽക്കുമെന്നും ദോഹാ കരാറിൽ വ്യക്തമാക്കിയിരുന്നു. നിലവിലുള്ള പ്രധാനമന്ത്രി ഫുവാദ് സിനിയോറക്കു പകരം അദ്ദേഹത്തിന്റെ ബ്ലോക്കിന് നേതൃത്വം നൽകുന്ന സഅദ് അൽ ഹരീരിയോ, ഹരീരി സന്നദ്ധനല്ലെങ്കിൽ അദ്ദേഹം നിർദേശിക്കുന്ന മുഹമ്മദ് അൽ സഫാദിയോ പ്രധാനമന്ത്രിയാകുമെന്നാണ് കരുതപ്പെട്ടിരുന്നത്. ഒടുവിൽ സിനിയോറ തന്നെ തുടരാൻ ധാരണയായി. തങ്ങൾക്ക് അനഭിമതനാണെങ്കിലും അടുത്ത വർഷം പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുന്ന തുവരെയുള്ള താൽക്കാലിക ഏർപ്പാടായതിനാൽ ഹിസ്ബുല്ല ചേരി അതിനെ എതിർത്തില്ല. ക്യാബിനറ്റിൽ ഹരീരി ബ്ലോക്കിന് 16-ഉം ഹിസ്ബുല്ലയുടെ ചേരിക്ക് 11-ഉം അംഗങ്ങളാണുള്ളത്. ശേഷിച്ച മൂന്നു പേരെ പ്രസിഡന്റ് നാമനിർദേശം ചെയ്യും. ഹിസ്ബുല്ലയുമായി അടുപ്പമുള്ള പ്രസിഡന്റ് സുലൈമാൻ ശിഈ ബ്ലോക്കിന് ഈ സീറ്റുകൾ നൽകിയാൽ അത്ഭുതമില്ല. മറ്റൊരു ആഭ്യന്തര യുദ്ധം തടയുക മാത്രമല്ല, ഹിസ്ബുല്ലക്ക് സമ്പൂർണ വിജയമാണ് ദോഹാ കരാർ സമ്മാനിച്ചിരിക്കുന്നത്. ഏറെ നാളായി തങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന വീറ്റോ അധികാരം അവർക്ക് ലഭിച്ചു. ഹിസ്ബുല്ലയെ മറികടന്ന് ഗവൺമെന്റിന് ഒരു തീരുമാനവുമെടുക്കാനാവില്ലെന്നു ചുരുക്കം.

വധിക്കപ്പെട്ട മുൻ പ്രധാനമന്ത്രി റഫീഖ് ഹരീരിയുടെ പുത്രൻ സഅദ് അൽ ഹരീരി നേതൃത്വം നൽകുന്ന സുന്നീ വിഭാഗക്കാരുടെ ഫ്യൂച്ചർ പാർട്ടിയും ഡ്രൂസ് നേതാവ് വലീദ് ജംബലാത്തിന്റെ പ്രോഗ്രസീവ് സോഷ്യലിസ്റ്റ് പാർട്ടിയും മറോണൈറ്റ് ക്രിസ്ത്യാനികൾ ഏറെക്കുറെ അണിനിരന്ന ഫലാഞ്ച് പാർട്ടിയും ഉൾപ്പെടുന്നതാണ് അമേരിക്കൻ, പാശ്ചാത്യൻ ചായ്‌വുള്ള സിറിയൻ വിരുദ്ധ ഭരണപക്ഷം. 128 സീറ്റുകളുള്ള പാർലമെന്റിൽ ഈ വിഭാഗത്തിന് 72 അംഗങ്ങളുണ്ട്. മറുഭാഗത്ത് ശിഈ പാർട്ടികളായ ഹിസ്ബുല്ലയും അമലും ഉൾപ്പെട്ട റെസിസ്റ്റൻസ് ആന്റ് ഡെവലപ്മെന്റ് ബ്ലോക്കും (35 സീറ്റുകൾ) ക്രിസ്ത്യൻ നേതാവ് മിഖായേൽ ഔൻ നേതൃത്വം നൽകുന്ന ഫ്രീ പെയ്ട്രിയറ്റ് മൂവ്മെന്റിന്റെ നേതൃത്വത്തിലുള്ള സ

ഖ്യവും (21 സീറ്റുകൾ) സിറിയൻ അനുകൂല ഐക്യമുന്നണിയായി നിലകൊള്ളുന്നു. ആഭ്യന്തര കലാപത്തിൽ മുസ്‌ലിംകൾക്കെതിരെ പോരാടിയ ഔൻ ഒന്നര പതിറ്റാണ്ടു നീണ്ട പ്രവാസ ജീവിതത്തിനുശേഷം രണ്ടു വർഷം മുമ്പ് ഫ്രാൻസിൽനിന്ന് തിരിച്ചെത്തിയത് പുതിയ രാഷ്ട്രീയ അജണ്ടയുമായാണ്. തെരഞ്ഞെടുപ്പിൽ തന്റെ പാർട്ടിക്ക് 14 സീറ്റ് നേടിക്കൊടുത്തതിനു പുറമെ, ലബനാന്റെ ശോഭനമായ ഭാവിക്ക് ദേശീയ അനുരഞ്ജന സമ്മേളനം വിളിച്ചുചേർക്കണമെന്ന ആശയം അദ്ദേഹം മുന്നോട്ടുവെക്കുകയുണ്ടായി. അമൽ പാർട്ടിക്കാരനായ സ്പീക്കർ നെബി ബെരി 14 പ്രമുഖ പാർട്ടി പ്രതിനിധികളുടെ സമ്മേളനം വിളിച്ച് ഇതിന് തുടക്കമിടുകയും ചെയ്തു. വിവിധ ഘട്ടങ്ങളിലായി ചേർന്ന സമ്മേളനത്തിലെ അജണ്ട നടപ്പാക്കണമെന്ന് ഹിസ്ബുല്ലയും സഖ്യകക്ഷികളും ഏറെക്കാലമായി ആവശ്യപ്പെടുന്നു. തെരഞ്ഞെടുപ്പിനുശേഷം നിലവിൽവന്ന സർക്കാറിൽ ഹിസ്ബുല്ലയും സഖ്യകക്ഷിയായ അമൽ പാർട്ടിയും അംഗങ്ങളായിരുന്നു. 2006-ൽ ഇസ്രയേലുമായുണ്ടായ യുദ്ധത്തിനു ശേഷമാണ് രൂക്ഷമായ ചേരിതിരിവുകൾ ലബനാനിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്.


സഅ്ദ് ഹരീരി


മിഖായേൽ ഔൻ

### അമേരിക്കയുടെ ഗൂഢലക്ഷ്യങ്ങൾ

യുദ്ധാനന്തരം ഗവൺമെന്റിനെതിരെ ഹിസ്ബുല്ല ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. അമേരിക്കയും ഇസ്രയേലുമായി ചേർന്ന് സിനിയോറ ഗവൺമെന്റ് തങ്ങൾക്കെതിരെ ഗൂഢാലോചന നടത്തിയെന്നായിരുന്നു പ്രധാന ആരോപണം. യുദ്ധം ദീർഘിപ്പിക്കാനും അതിലൂടെ ഹിസ്ബുല്ലയെ തകർക്കാനും സിനിയോറയും കൂട്ടരും ശ്രമിച്ചുവെന്നതിന് കുറെ തെളിവുകളും നസ്വറുല്ല പുറത്തുവിട്ടു. നിലവിലെ സർക്കാറിലും ക്യാബിനറ്റിലും വ്യത്യസ്ത മത വിഭാഗങ്ങൾക്ക് നൽകിയ പ്രാതിനിധ്യം ലബനീസ് ജനതയുടെ താൽപര്യങ്ങൾക്ക് അനുസൃതമല്ലെന്നും സിനിയോറ രാജിവെച്ച് പുതിയ സർക്കാറിന് അവസരമൊരുക്കുകയോ പൊതുതെരഞ്ഞെടുപ്പ് നടത്തുകയോ വേണമെന്നും ഹിസ്ബുല്ലയും അമലും ആവശ്യപ്പെട്ടു. ഇതിന് സർക്കാർ വഴങ്ങാത്തതിനെ തുടർന്ന് ഇരു വിഭാഗത്തിലെയും ആറു മന്ത്രിമാർ രാജിവെക്കുകയും ചെയ്തു. ഗവൺമെന്റ് രാജിവെച്ച് പുതിയ തെരഞ്ഞെടുപ്പ് നടത്തണമെന്നായിരുന്നു ആവശ്യം. ബെയ്റൂത്തിലെ ഗവൺമെന്റ് ആസ്ഥാനത്തേക്ക് ഹിസ്ബുല്ല അനുകൂലികൾ മാർച്ച് നടത്തുകയും പ്രധാനമന്ത്രിയുൾപ്പെടെയുള്ളവരെ ഉപരോധിക്കുകയും ചെയ്തു. ഗവൺമെന്റ് വഴങ്ങാതായപ്പോൾ തങ്ങളുടെ മന്ത്രിമാരെ നസ്റുല്ല പിൻവലിച്ചു. രാജ്യത്തെ പ്രബല വിഭാഗമായ ശീഈകൾക്ക് പ്രാതിനിധ്യമില്ലാതായതോടെ സിനിയോറയുടെ നേതൃത്വത്തിലുള്ള ക്യാബിനറ്റ് ഭരണഘടനാ വിരുദ്ധമാണെന്നും ഹിസ്ബുല്ല പ്രഖ്യാപിച്ചു.

പതിനെട്ടു മാസമായി ഇതൊരു വൻ പ്രതിസന്ധിയായി നിലനിൽക്കുകയായിരുന്നു. ഹിസ്ബുല്ലക്കു വഴങ്ങിയാൽ അത് ഇറാന്റെയും സിറിയയുടെയും വിജയമായിരിക്കുമെന്ന് അമേരിക്കക്ക് ബോധ്യമുണ്ടായിരുന്നു. അതിനാൽ വിട്ടുവീഴ്ച വേണ്ടെന്ന് സിനിയോറക്കു മേൽ വാഷിംഗ്ടൺ സമ്മർദം ചെലുത്തി.

അതേസമയം ഹിസ്ബുല്ലയെ തകർക്കാൻ അണിയറയിൽ ബുഷും കൂട്ടരും ഗൂഢാലോചനകൾ മെനഞ്ഞുകൊണ്ടിരുന്നു. ഇത്തരമൊരു ഗൂഢാലോചനയുടെ ഭാഗമായിരുന്നു, മുഖ്യ പ്രതിപക്ഷ പാർട്ടിയും രണ്ടു പതിറ്റാണ്ടിലേറെ നീണ്ട ഇസ്രയേൽ അധിനിവേശത്തിൽനിന്ന് ദക്ഷിണ ലബനാന് മോചനം നേടിക്കൊടുക്കുകയും ചെയ്ത ഹിസ്ബുല്ലക്കെതിരെ ഈ മാസാദ്യം ഗവൺമെന്റ് നടത്തിയ നീക്കങ്ങൾ. ഹിസ്ബുല്ലയുടെ വാർത്താവിനിമയ ശൃംഖല അടച്ചുപൂട്ടുകയും ബെയ്റൂത്ത് വിമാനത്താവള സുരക്ഷാ മേധാവി ബ്രിഗേഡിയർ ജനറൽ വഫീഖ് ശുകൈറിനെ ഹിസ്ബുല്ല ബന്ധമാരോപിച്ച് തൽസ്ഥാനത്തുനിന്ന് നീക്കുകയും ചെയ്ത സിനിയോറയുടെ നടപടിയെ യുദ്ധ പ്രഖ്യാപനമായാണ് ഹസൻ നസ്വറുല്ല വിശേഷിപ്പിച്ചത്. പ്രകോപിതരായ ഹിസ്ബുല്ല പ്രക്ഷോഭത്തിന് ഇറങ്ങിയതോടെ ലബനാൻ മറ്റൊരു ആഭ്യന്തര കലാപത്തിലേക്ക് എടുത്തെറിയപ്പെടുമെന്ന ഭീതി പരത്തി. ഹിസ്ബുല്ലയോടൊപ്പം മറ്റൊരു ശീഈ വിഭാഗമായ അമലും ചേർന്നതോടെ ഗവൺമെന്റ് വിരുദ്ധ പ്രക്ഷോഭം രൂക്ഷമായി. പടിഞ്ഞാറൻ ബെയ്റൂത്തിന്റെ നിയന്ത്രണം ഹിസ്ബുല്ല ഏറ്റെടുത്തത് ഗവൺമെന്റിനെ ഞെട്ടിച്ചു.

ഒടുവിൽ ഗവൺമെന്റിനെ മറികടന്ന് സൈന്യം തന്നെ അനുരഞ്ജന പാത സ്വീകരിച്ചതോടെ പ്രക്ഷോഭം അവസാനിപ്പിക്കാൻ ഹിസ്ബുല്ല തീരുമാനിച്ചു. ഏറ്റുമുട്ടി ജയിക്കാനാവില്ലെന്ന് സൈന്യത്തിന് ബോധ്യമുണ്ടായിരുന്നു. മാത്രമല്ല, ലബനാനിലെ കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയ കാലാവസ്ഥയിൽ ഹിസ്ബുല്ല പോരാളികളുമായി ഏറ്റുമുട്ടുന്നത് അവിവേകമായിരിക്കുമെന്ന് സൈനിക നേതൃത്വം മനസ്സിലാക്കി. ഹിസ്ബുല്ലക്കെതിരെ സ്വീകരിച്ച രണ്ട് നടപടികളും പിൻവലിക്കാൻ മന്ത്രിസഭ തീരുമാനിച്ചതോടെ, 65 പേരുടെ മരണത്തിന് ഇടയാക്കുകയും ഒരാഴ്ചയോളം രാജ്യത്തെ മുൾമുനയിൽ നിർത്തുകയും ചെയ്ത പ്രതിസന്ധിക്ക് വിരാമമായി.

ലബനാൻ എന്ന കലക്കുവെള്ളത്തിൽ മീൻ പിടിക്കാൻ കാത്തിരിക്കുന്ന വിദേശ ശക്തികൾക്ക് ഒത്താശ ചെയ്തുകൊടുക്കുകയായിരുന്നു സിനിയോറ സർക്കാർ. ഒരുഭാഗത്ത് അറബ് ലീഗ് അനുരഞ്ജന ശ്രമങ്ങൾ നടത്തുമ്പോൾ, മറുഭാഗത്ത് സിനിയോറ സർക്കാറുമായി അമേരിക്ക ഗൂഢാലോചനകൾ നടത്തി. ഹിസ്ബുല്ലയെ തകർക്കാൻ ആവശ്യമായ എല്ലാ കോപ്പുകളും ലബനാന് നൽകാൻ തയാറാണെന്ന യു.എസ് പ്രസിഡന്റ് ജോർജ്

നസ്റുല്ല



സിനിയോറ




ഡബ്ല്യു. ബുഷിന്റെ പരസ്യ പ്രഖ്യാപനമുണ്ടായതിന്റെ അടുത്ത ദിവസങ്ങളിൽ തന്നെ യു.എസ് സെൻട്രൽ കമാന്റ് ആക്ടിംഗ് ചീഫ് ലെഫ്. ജനറൽ മാർട്ടിൻ ഡെംപ്സെ ലബനീസ് സൈനിക കമാന്റർമാരെയും പ്രതിരോധ മന്ത്രിയെയും സന്ദർശിച്ച് സുപ്രധാന ചർച്ചകൾ നടത്തുകയുണ്ടായി.

ലബനാനിലെ ഇടപെടലുകൾ അമേരിക്കക്ക് തിരിച്ചടിയേ നൽകിയിട്ടുള്ളൂ. ഈ മണ്ണിൽ അമേരിക്കയുടെ കളി വേണ്ടെന്ന് പുതിയ പ്രസിഡന്റിന്റെ സ്ഥാനാരോഹണ ചടങ്ങിൽ അമൽ നേതാവായ സ്പീക്കർ നബി ബെരി തുറന്നടിച്ചിട്ടുണ്ട്. സിറിയയുമായി നയതന്ത്രബന്ധങ്ങൾ ശക്തിപ്പെടുത്തുമെന്ന് പ്രസിഡന്റ് സുലൈമാനും പ്രഖ്യാപിക്കുകയുണ്ടായി. ദോഹാ കരാർ മൊത്തത്തിൽ ഹിസ്ബുല്ലയുടെ വിജയമായി മാറുകയും ചെയ്തതോടെ അക്ഷരാർഥത്തിൽ തിരിച്ചടിയേറ്റത് ബുഷിനും കൂട്ടർക്കുമാണ്. അതിനാൽ ഏതെങ്കിലും വിധത്തിൽ പ്രശ്നങ്ങൾ കുത്തിപ്പൊക്കാൻ അമേരിക്ക ശ്രമിച്ചുകൂടായ്കയില്ല.

## ഹിസ്ബുല്ലയുടെ സേവന മുഖം

'82-ൽ ഇസ്രയേലിന്റെ ദക്ഷിണ ലബനാൻ അധിനിവേശം പൂർണമാവുകയും ഫലാഞ്ചിസ്റ്റുകളുമായി ചേർന്നുള്ള കൂട്ടക്കൊല നിർബാധം അരങ്ങേറുകയും ചെയ്തപ്പോഴാണ് ഇറാന്റെ പിന്തുണയോടെ ശീഈ ചെറുത്തുനിൽപ് പ്രസ്ഥാനമായ ഹിസ്ബുല്ല രൂപം കൊള്ളുന്നത്. രണ്ടു പതിറ്റാണ്ടു നീണ്ട പോരാട്ടങ്ങൾക്കൊടുവിൽ ഇസ്രയേൽ സേനയെ ദക്ഷിണ ലബനാനിൽനിന്ന് കെട്ടുകെട്ടിക്കാൻ ഹിസ്ബുല്ലക്ക് കഴിഞ്ഞു. ഇസ്രയേലിനെതിരെ 2006 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ35 ദിവസം നീണ്ട പോരാട്ടങ്ങൾ നയിച്ച ഹിസ്ബുല്ലയെ വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾ പിന്തുണച്ചപ്പോൾ പരസ്യമായി എതിർപ്പുമായി രംഗത്തുവന്നത് ഫലാഞ്ചിസ്റ്റുകളാണ്.

പോരാളി സംഘടനയെന്നതു പോലെ ജീവകാരുണ്യ മേഖലയിലും വൻ സംഭാവനകളാണ് ഹിസ്ബുല്ല നൽകിവരുന്നത്. ഇക്കാര്യം യു.എൻ ഏജൻസികൾ പോലും അംഗീകരിക്കുന്നു. നാലു ആശുപത്രികളും 12 ക്ലിനിക്കുകളും അത്രതന്നെ സ്കൂളുകളും കർഷകർക്ക് സാങ്കേതിക സഹായങ്ങൾ നൽകുന്ന രണ്ട് കാർഷിക സെന്ററുകളും നടത്തിവരുന്ന ഹിസ്ബുല്ലക്ക് പരിസ്ഥിതി സംബന്ധമായ കാര്യങ്ങളിൽ പഠന, ഗവേഷണ സംവിധാനം വരെയുണ്ട്. തെരുവുകളിലെ ചവറുകൾ വൃത്തിയാക്കുന്നതു മുതൽ ആതുരാലയങ്ങളും വിദ്യാലയങ്ങളും നടത്തുന്നതുൾപ്പെടെ ഒരു സർക്കാർ ചെയ്യേണ്ട മുഴുവൻ കാര്യങ്ങളും ഹിസ്ബുല്ല നടത്തുന്നുണ്ടെന്നാണ് സി.എൻ.എൻ റിപ്പോർട്ട് ചെയ്തത്. ഇസ്രയേലിന്റെ ബോംബാക്രമണങ്ങളിൽ തകർന്ന ദക്ഷിണ ലബനാനിലെ പാർപ്പിടങ്ങളും കെട്ടിടങ്ങളും പുനർനിർമിച്ചതും അറ്റകുറ്റപ്പണികൾ നടത്തിയതും ഗവൺമെന്റായിരുന്നില്ല, ഹിസ്ബുല്ലയുടെ 'ജിഹാദ് അൽ ബിന' എന്ന നിർമാണ വിഭാഗമായിരുന്നു. ജനങ്ങളുടെ ആദരവ് പിടിച്ചുപറ്റാൻ ഹിസ്ബുല്ലക്ക് കഴിഞ്ഞതായി ഈ പ്രവർത്തനങ്ങൾ നേരിൽകണ്ട അമേരിക്കൻ യൂനിവേഴ്സിറ്റി പ്രഫസർ ജ്യൂദിത് സെയിൻ ഹാരിക്ക് ഉൾപ്പെടെയുള്ള നിരീക്ഷകർ സാക്ഷ്യപ്പെടുത്തുന്നു.



വലീദ് ജംബലാത്ത്

രാജ്യങ്ങളെയും സംഘടനകളെയും ഭീകര പട്ടികയിൽ പെടുത്തുന്ന അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ പരിഹാസ്യമായ നടപടികൾ ഹിസ്ബുല്ലയുടെ കാര്യത്തിലും കാണാം. 1999-ലാണ് അവർ ഹിസ്ബുല്ലയെ ഭീകരത സ്പോൺസർ ചെയ്യുന്ന സംഘടനകളുടെ കൂട്ടത്തിൽ പെടുത്തിയത്. 2001 സെപ്റ്റംബർ 11-ലെ ഭീകരാക്രമണത്തെ അപലപിച്ചതോടെ പൊടുന്നനെ ഹിസ്ബുല്ല പട്ടികയിൽനിന്ന് മോചിതമായി. എന്നാൽ മാസങ്ങൾക്കകം വീണ്ടും ഹിസ്ബുല്ല ഭീകരരായി. അമേരിക്കയും ബ്രിട്ടനും ഇസ്രയേലും ഉൾപ്പെടെ ആറു രാജ്യങ്ങൾക്ക് മാത്രമാണ് ഹിസ്ബുല്ല ഇപ്പോഴും ഭീകര സംഘടന.

## ഗസ്സ മോഡൽ ഓപ്പറേഷൻ

ഫതഹിന്റെ ഗൂഢാലോചന തകർക്കാൻ ഗസ്സയിൽ ഹമാസ് നടത്തിയ സൈനിക ഓപറേഷനു സമാനമാണ് ഹിസ്ബുല്ലയുടെ ബെയ്റൂത്ത് പിടിച്ചെടുക്കൽ. എന്നാൽ ഹിസ്ബുല്ല നടത്തിയത് അമേരിക്കൻ മാതൃകയിലുള്ള പ്രീ-എംപ്റ്റീവ് സ്ട്രൈക്കാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. പോരാളികൾ ബെയ്റൂത്തിൽ ആദ്യം ചെയ്തത് സഅദ് അൽ ഹരീരിയുടെ സുന്നീ മിലീഷ്യയെ നിരായുധീകരിക്കുകയാണ്. ആറു മണിക്കൂറിനകം പടിഞ്ഞാറൻ ബെയ്റൂത്ത് നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത ശേഷം ലബനാൻ സൈന്യത്തെ വിളിച്ച് നഗരം അവരെ ഏൽപിച്ചു.



മിഷേൽ സുലൈമാൻ

ഹരീരിയുടെ നേതൃത്വത്തിൽ വളർന്നുവരുന്ന മിലീഷ്യയെ ഉന്മൂലനം ചെയ്യേണ്ടത് അനിവാര്യമാണെന്ന് ഹിസ്ബുല്ലക്ക് തോന്നിയതിൽ അത്ഭുതമില്ല. ഭാവിയിൽ തങ്ങളെ തകർക്കാൻ ഇസ്രയേലുമായി ഇവർ കൂട്ടുചേരുമെന്ന സംശയമാണ് ഇതിനു കാരണം. ഹരീരിയുടെ *ഫ്യൂച്ചർ* ടി.വിയുടെ സംപ്രേഷണം നാലു ദിവസം തടസ്സപ്പെടുത്തിയത് മറ്റൊരു താക്കീതായിരുന്നു. ലബനാനിലെ പ്രബലമായ മറോണൈറ്റ് ക്രിസ്ത്യാനികളിലെ ഒരു വിഭാഗം ഹിസ്ബുല്ലയോടൊപ്പമാണ്. ഇസ്രയേലുമായുള്ള യുദ്ധത്തിൽ ക്രിസ്ത്യൻ സമുദായത്തിന്റെ വൻ പിന്തുണ ഹിസ്ബുല്ലക്ക് ലഭിച്ചിരുന്നു. 19 വർഷത്തെ ആയുസ്സാണ് ത്വാഇഫ് കരാറിനുണ്ടായിരുന്നത്. മറ്റൊരു ആഭ്യന്തര കലാപത്തിലേക്ക് നീങ്ങുന്നതിനു മുമ്പ് ദോഹാ കരാറിലൂടെ വീണ്ടും ലബനീസ് ജനതയെ ഒന്നിപ്പിച്ചിരിക്കുകയാണ്. ലെബനാന്റെ രാഷ്ട്രീയ സാഹചര്യം മുന്നിൽവെച്ച് ഇത് എത്രകാലത്തേക്കെന്ന ചോദ്യം സ്വാഭാവികം. ■